# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3955** **12/12/2018-ൽ മറുപടിക്ക്**

## സർക്കാർ ആശുപത്രികളിലെ ശുചിത്വം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.അബ്ദുറഹിമാൻ** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| **എ)** | സർക്കാർ ആശുപത്രികളും മെഡിക്കൽ കോളേജുകളും മതിയായ ശുചിത്വം ഉറപ്പുവരുത്താത്തതു കാരണം രോഗികൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ) യും ബി) യും** | എല്ലാ ആശുപത്രികളിലും ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റികൾ നിലവിൽ ഉണ്ട്. ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റിയുടെ നേതൃത്വത്തിൽ Safe hand work technique, infection control practice എന്നിവയെപ്പറ്റി ബോധവൽക്കരണം നൽകുന്നുണ്ട്. Safe Infection Practice -ന്റെ ആവശ്യകതയെ സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങളും നൽകുന്നുണ്ട്. |
| **ബി)** | ക്ലീനിംഗ് ജീവനക്കാർ ആശുപത്രിയും പരിസരവും കൃത്യമായി ശുചിയാക്കി സൂക്ഷിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ കർശനമായ മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുമോ; | | |
| **സി)** | മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ആധുനിക രീതിയിലുള്ള ഒരു ആക്ഷൻ പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ? | **സി)** | മെഡിക്കൽ കോളേജ് ആശുപത്രികളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ആധുനിക രീതിയിലുള്ള ആക്ഷൻ പ്ലാൻ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആധുനിക ശുചീകരണ ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്ക്രബ്ബർ, ഡ്രയർ മെഷീൻ, ഹൈ പവർ ജെറ്റ് മെഷീൻ, വാക്വം ക്ലീനർ, എന്നിവ നിലവിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നുണ്ട്. എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഹൗസ് കീപ്പിംഗ് വിഭാഗത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ ദിവസവും ക്ലീനിങ് ജോലികൾ യഥാസമയം നിർവഹിക്കുന്നു. രോഗികൾക്ക് അണുബാധ ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് കൃത്യമായും ഹൗസ് കീപ്പിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ അതാത് ആശുപത്രി സൂപ്രണ്ടുമാർ വിലയിരുത്തി നിർദ്ദേശം നൽകാറുണ്ട്. PEID സെല്ലിന്റെ നേതൃത്വത്തിൽ ശുചീകരണ മോണിറ്ററിങ് ശക്തമായി നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ